ഉത്തരം

(എ) 4,72,505 തൊഴിൽ ദിനങ്ങൾ

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ചില നഗരസഭകളിൽ പ്രവർത്തന പുരോഗതി താരതമ്യേന കുറവാണ്. ആയത് പരിഹരിക്കുവാനും നടപടികൾ ത്വരിതപ്പെടുത്തുവാനും വകുപ്പുതല അവലോകന യോഗങ്ങളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഐ.എസ്.എച്ച്.യു.പി. പദ്ധതി

86 (3370) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) Interest Subsidy for Housing the Urban Poor (ISHUP) പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഇതിൽ എത്ര എണ്ണത്തിന് അനുമതി ലഭിച്ചു ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 22579 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 2879 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നം പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലങ്ങളിൽ പദ്ധതി പുരോഗതി അവലോകനം ചെയ്യുകയും സ്റ്റേറ്റ്‌ലെവൽ ബാങ്കേഴ്സ് കമ്മിറ്റി വഴി ബാങ്കുകളോട് സബ്സിഡി ക്ലെയിം ചെയ്യൽ ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly